പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 794 — 28.09.2011 ൽ മറുപടിക്ക്

## റോഡപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.പി.തിലോത്തമൻ | ശ്രീ. വി.എസ്.ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | റോഡപകടങ്ങൾ കുറയ്ക്കാനായി പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച് ഗതാഗത കമ്മീഷണർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ 4 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 17 ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, 47 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, 141 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നിവർ അടങ്ങിയ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കണമെന്നതാണ് പ്രധാന ശുപാർശ. ഗതാഗത കമ്മീഷണറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇതു സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | പുതിയ എൻഫോഴ്സ്മെന്റിന്റെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | റോഡ് സുരക്ഷയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ അപകട നിരക്ക് കുറയ്ക്കുകയും, ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളിലൂടെ നികുതി പിരിവ് ത്വരിതപ്പെടുത്തുകയും കൂടാതെ സർക്കാരിലേയ്ക്ക് വാഹന നികുതി കുടിശ്ശികയായി പിരിഞ്ഞു കിട്ടേണ്ട തുക പിരിച്ചെടുക്കുകയുമാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകളായി ഉദ്ദേശിച്ചിട്ടുള്ളത് ഇതുവഴി ടാക്സ് ഇനത്തിൽ 270 കോടി രൂപയും എൻഫോഴ്സ്മെന്റ് ഇനത്തിൽ 60 കോടി രൂപയും അടക്കം 330 കോടി രൂപയുടെ മൊത്തം വരുമാനവും ഏകദേശം 30% അപകടങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ